www.snbssamajam.in Phone : 2820666

# S.N.B.S. SAMAJAM

**IRINJALAKUDA**

Reg. No. 5/1103

## ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം

**ഇരിങ്ങാലക്കുട**



........2017........

## ....89–ാംവാർഷിക പൊതുയോഗനോട്ടീസ്....

# ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജം (രജി.) ഇരിങ്ങാലക്കുട

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജത്തിന്റെ 2017-2018, 2018-2019 വർഷങ്ങളിലെ ഭരണകമ്മിറ്റിയിലേക്കുള്ള പതിനഞ്ചംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2017 ജൂലൈ 9-ാം തിയ്യതി ഞായറാഴ്ച സമാജം നിയമാവലി 9-ാം വകുപ്പ് പ്രകാരമുള്ള തിരഞ്ഞെടുപ്പ് ചട്ടങ്ങളനുസരിച്ച് നടത്തുന്നതാണ്.

തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ള അംഗങ്ങളുടെ കരട് വോട്ടർ പട്ടിക സമാജം നോട്ടീസ് ബോർഡിൽ ജൂൺ 9-ാം തിയ്യതി രാവിലെ 10 മണിക്ക് പ്രസിദ്ധീകരിക്കുന്നതും ആയതിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ജൂൺ 12-ാം തിയ്യതി പകൽ 12 മണിക്ക് മുൻപായി സമാജം ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. പരാതികൾ പരിശോധിച്ച ശേഷം മെമ്പർ മാരുടെ അവസാന വോട്ടർ പട്ടിക ജൂൺ 13-ാം തിയ്യതി രാവിലെ 10 മണിക്ക് സമാജം ഓഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ആകെ പതിനഞ്ചംഗങ്ങളെ തിരഞ്ഞെടുക്കാനുള്ളതുകൊണ്ട് ഓരോ വോട്ടർക്കും പതിനഞ്ച് വോട്ടുകൾ രേഖപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(A) ജനറൽ 11, (B) പ്രാദേശികം 4)

സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷയിൻമേൽ നാമ നിർദ്ദേശ പത്രികകൾ ജൂൺ 14-ാം തിയ്യതി മുതൽ ജൂൺ 17-ാം തിയ്യതി രാവിലെ 11 മണി വരെ നൽകുന്നതാണ്.

തിരഞ്ഞെടുക്കുന്ന മെമ്പർമാരിൽ ടൗൺ പടിഞ്ഞാട്ടു മുറി, പുല്ലൂർ, കോമ്പാറ,തുറവൻകാട് എന്നീ പ്രദേശത്തുകാരായി ഒരാൾ വീതം ഉണ്ടായിരിക്കേണ്ടതാണ്. നാമ നിർദ്ദേശപത്രികകൾ (A) ജനറലിലേക്കാണോ (B) ഒരു പ്രത്യേക പ്രദേശത്തേക്കാണോ എന്ന് ചേർക്കേണ്ടതാണ്.

എപ്രകാരവും നിലവിലുള്ള കമ്മിറ്റിയിൽ നിന്ന് 2 പേരും പുതിയതായി 2 പേരും (പ്രാദേശികമായി ഒരാളും) മൊത്തം തിരഞ്ഞെടുക്കപ്പെടുന്ന പതിനഞ്ചംഗങ്ങളിൽ ഉൾപ്പെടേണ്ടതാണ്.

ഒരു സ്ഥാനാർത്ഥിക്ക് ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻ പാടുള്ളതല്ല. നാമനിർദ്ദേശ പത്രികയിൽ പ്രസിദ്ധീകരിച്ച അംഗലിസ്റ്റിലെ ഒരാൾ നിർദ്ദേശകൻ എന്ന നിലയിലും മറ്റൊരാൾ പിന്താങ്ങുന്ന ആൾ എന്ന നിലയിലും ഒപ്പിട്ടിരിക്കേണ്ടതാണ്. കൂടാതെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിൽക്കാൻ തയ്യാറാണെന്ന പ്രഖ്യാപനത്തിൽ സ്ഥാനാർത്ഥിയും ഒപ്പിട്ടിരിക്കണം.

ജൂൺ 17-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ സമാജം ആഫീസിൽ വെച്ച് റിട്ടേണിംഗ് ഓഫീസർ നാമ നിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതാണ്.

ജൂൺ 20-ാം തിയ്യതി ചൊവ്വാഴ്ച 3 മണിക്ക് നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തി സ്വീകരിച്ചവയുടെ അവസാന ലിസ്റ്റ് പരസ്യപ്പെടുത്തുന്നതായിരിക്കും. ജൂൺ 23-ാം തിയ്യതി വെള്ളിയാഴ്ച 3 മണി വരെ സ്ഥാനാർത്ഥികൾക്ക് തങ്ങളുടെ നാമനിർദ്ദേശപത്രികകൾ പിൻവലിക്കാവുന്നതാണ്.

ഏതെങ്കിലും സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് ആവശ്യമില്ലാതെ വരികയാണെങ്കിൽ അന്നു തന്നെ ഇക്കാര്യം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്,

മത്സരമുണ്ടാകുന്നപക്ഷം ജൂലൈ 9-ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മണി മുതൽ 1 മണി വരെ സമാജം മിനി ഹാളിൽ വെച്ച് രഹസ്യ ബാലറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതും അന്നുതന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതുമാണ്. കൂടുതൽ വിവരങ്ങൾ റിട്ടേണിംഗ് ഓഫീസറിൽ നിന്ന് നേരിട്ട് അറിയാവുന്നതാണ്.

**മെമ്പർമാർ വോട്ട് രേഖപ്പെടുത്തുവാൻ വരുമ്പോൾ സമാജം തിരിച്ചറിയൽ കാർഡോ ഇലക്ഷൻ കമ്മീഷൻ അംഗീകരിക്കുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡോ കൊണ്ടു വരേണ്ടതാണ്.**

(ഒപ്പ്)

ഇരിങ്ങലക്കുട
08-06-2017

അഡ്വ സാബുരാജ്, ചുള്ളിക്കാട്ടിൽ ഹൗസ്
ഇരിങ്ങാലക്കുട
റിട്ടേണിംഗ് ഓഫീസർ,
ഫോൺ : 9447673240

# എസ്. എൻ. ബി. എസ്. സമാജം (രജി.)ഇരിങ്ങാലക്കുട

(ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)

# 89-ാം വാർഷിക പൊതുയോഗ നോട്ടീസ്

മാന്യ ശ്രീനാരായണീയരെ,

എസ്. എൻ. ബി. എസ്. സമാജത്തിന്റെ 89-ാം വാർഷിക പൊതുയോഗം 2017 ജൂലൈ 9-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീനാരായണ ഹാളിൽ വെച്ച് പ്രസിഡണ്ട് **ശ്രീ. കൃഷ്ണകുമാർ വള്ളൂപറമ്പിൽ** അവർകളുടെ അദ്ധ്യക്ഷതയിൽ അന്യത്ര ചേർത്തിരിക്കുന്ന കാര്യപരിപാടിയനുസരിച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. യോഗത്തിൽ താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇരിങ്ങാലക്കുട (ഒപ്പ്)

05.06.2017 **എം. കെ. വിശ്വംഭരൻ, മുക്കുളം**

(സെക്രട്ടറി)

**ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| 1. | **ശ്രീ. വി. വി. കൃഷ്ണകുമാർ** | പ്രസിഡണ്ട് |
| 2. | **ശ്രീ. പ്രദീപ് ചോളിപറമ്പിൽ** | വൈസ് പ്രസിഡണ്ട് |
| 3. | **ശ്രീ. എം. കെ. വിശ്വംഭരൻ** | സെക്രട്ടറി |
| 4. | **ശ്രീ. സത്യൻ തറയിൽ** | ജോ. സെക്രട്ടറി |
| 5. | **ശ്രീ. സിബിൻ കൂനാക്കംപിള്ളി** | ട്രഷറർ |
| 6. | **ശ്രീ. മോഹനൻ മഠത്തിക്കര** | കമ്മിറ്റി മെമ്പർ |
| 7. | **ശ്രീ. ബിജു മുണ്ടോലി** | കമ്മിറ്റി മെമ്പർ |
| 8. | **ശ്രീ. പ്രദീപ് എളന്തോളി** | കമ്മിറ്റി മെമ്പർ |
| 9. | **ശ്രീ. കെ. ആർ. രാമദാസ്** | കമ്മിറ്റി മെമ്പർ |
| 10. | **ശ്രീ. രവികുമാർ മഠത്തിക്കര** | കമ്മിറ്റി മെമ്പർ |
| 11. | **ശ്രീ. വിജയൻ എളയേടത്ത്** | കമ്മിറ്റി മെമ്പർ |
| 12. | **ശ്രീ. കെ. കെ. സുരേഷ് ബാബു** | കമ്മിറ്റി മെമ്പർ |
| 13. | **ശ്രീ. കെ. സി. മോഹൻലാൽ** | കമ്മിറ്റി മെമ്പർ |
| 14. | **ശ്രീ. വിജു കൊറ്റിക്കൽ** | കമ്മിറ്റി മെമ്പർ |
| 15. | **ശ്രീ. രാജേഷ് കോട്ടപ്പുറം** | കമ്മിറ്റി മെമ്പർ |

ഇന്റേണൽ ഓഡിറ്റേഴ്സ്

**ശ്രീ. ടി. ജി. ഹരി & സുകുമാരൻ വി. ആർ.**

ലീഗൽ അഡ്വൈസർ

**അഡ്വ. എൻ. കെ. പ്രമോദ്**

ഓഡിറ്റർ

**ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട.**

# 2017 ജൂലായ് മാസം 9-ാം തിയ്യതിയിലെ
# വാർഷിക പൊതുയോഗത്തിന്റെ കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചന പ്രമേയം
4. 2016 ജൂലായ് 3-ാം തിയ്യതി ചേർന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് റിക്കാഡാക്കുക
5. അദ്ധ്യക്ഷ പ്രസംഗം
6. 2016-2017 വർഷത്തെ പ്രവർത്തനറിപ്പോർട്ട് വായിച്ച് അംഗീകരിക്കുക
7. 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും വായിച്ച് അംഗീകരിക്കുക
8. 2016-2017 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കുക
9. 2017-2018 വർഷത്തെ ബഡ്ജറ്റുകൾ വായിച്ച് പാസാക്കുക
10. പ്രമേയങ്ങളും ചോദ്യങ്ങളും
11. 2017-2018 വർഷത്തേക്കുള്ള ഓഡിറ്റർമാരെ തിരഞ്ഞെടുക്കുക
12. കമ്മിറ്റി ഹാജരാക്കുന്ന മറ്റുകാര്യങ്ങൾ
13. 2017-2019 ഭരണസമിതി ഫലപ്രഖ്യാപനം
14. ഉപസംഹാരം
15. കൃതജ്ഞത

NB 1) ഫോട്ടോ പതിച്ച സമാജം ഐഡന്റിറ്റി കാർഡ് കൊടുത്തുവരുന്നുണ്ട് മെമ്പർമാർ രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഓഫീസിൽ വന്ന് ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്

2) പൊതുയോഗത്തിന് സമർപ്പിക്കാനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 30.06.2017 ഉച്ചതിരിഞ്ഞ് 4 മണിക്ക് മുമ്പായി സമാജം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാകുന്നു

3) എസ്. എസ്. എൽ. സി., പ്ലസ് ടു, ഡിഗ്രി തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സമാജത്തിൽനൽകാവുന്നതാണ്.

4) തറയിൽ രാമൻ കൃഷ്ണൻകുട്ടി മെമ്മോറിയൽ എൻഡോവ്മെന്റിനു വേണ്ടി സമാജം അംഗങ്ങളുടെ മക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (Regd)
# 2016–17 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

മാന്യ മെമ്പർമാരെ,

സമാജത്തിന്റെ 2016-2017 കാലഘട്ടത്തിലെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചക്കും അംഗീകാരത്തിനുമായി ആദരപൂർവ്വം സമർപ്പിക്കട്ടെ .

88-ാം വാർഷിക പൊതുയോഗം 2016 ജൂലായ് 3-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് സമാജം പ്രസിഡണ്ട് **ശ്രീ.വിജയൻ എളയേടത്ത്** അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമാജം മേൽശാന്തി മണിശാന്തിയുടെ ഗുരുപ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. റിപ്പോർട്ട് കാലയളവിൽ അന്തരിച്ച മാന്യ സമാജം മെമ്പർമാരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി **ശ്രീ. എം.കെ. വിശ്വംഭരൻ** യോഗത്തിൽ ഹാജരായ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷപ്രസംഗത്തിനുശേഷം സെക്രട്ടറി കഴിഞ്ഞവർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിന്റെ അംഗീകാരത്തിനുമായി സമർപ്പിച്ചു.

എല്ലാ അംഗങ്ങളുടേയും കൂട്ടായ്മയോടും സഹകരണത്തോടും കൂടിയാണ് വാർഷികപൊതുയോഗം നടന്നത്. 2016-17 വർഷത്തെ ഇന്റേണൽ ഓഡിറ്റർ മാരായി **ശ്രീ. ടി.ജി. ഹരി**, **ശ്രീ.വി.ആർ.സുകുമാരൻ** എന്നിവരേയും, **M/s. ഉണ്ണികൃഷ്ണൻ & കമ്പനി ചാർട്ടേഡ് എക്കൗണ്ടന്റ്സ്**, ഇരിങ്ങാലക്കുട ഓഡിറ്ററായും തെരഞ്ഞെടുത്തു.

വാർഷിക പൊതുയോഗം കഴിഞ്ഞ് സമാജത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും പകരം സമാജത്തെ തളർത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും ശ്രീനാരായണ ജയന്തി ആഘോഷങ്ങളുടെ മാറ്റ് മനഃപൂർവ്വം കുറയ്ക്കുന്നതിനുള്ള ശക്തമായ ശ്രമങ്ങളും സമാജത്തിന്റെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ജോ.സെക്രട്ടറി, ട്രഷറർ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായി എന്നുള്ളത് ഖേദപൂർവ്വം അറിയിക്കട്ടെ. സ്വാർത്ഥ താല്പര്യങ്ങൾ സമാജത്തിൽ നടക്കാതെ വന്നപ്പോൾ സമാജം സെക്രട്ടറിക്കെതിരെ ട്രഷറർ ശ്രീ. കെ.സി.മോഹൻലാൽ ആരോപണങ്ങളുമായി രംഗത്ത് വരുകയുണ്ടായി. ട്രഷറിന്റെ സഹോദരന്റെ ഭാര്യയ്ക്ക് 8,86,400 രൂപയുടെ കുറിയുടെ ബാദ്ധ്യത സമാജത്തിലുണ്ടായിരുന്നു. പ്രസ്തുത കുറികളുടെ സംഖ്യകൾ വാങ്ങിയത് ഈടായി വാങ്ങിയിരുന്ന വസ്തുവിന്റെ ആധാരം 5,50,000 രൂപയുടെ ഡെപ്പോസിറ്റ് വാങ്ങി മേൽപ്പറഞ്ഞ പണയാധാരം തിരികെ തരണമെന്ന് ട്രഷറർ മോഹൽലാൽ, പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്ത്, വൈസ് പ്രസിഡണ്ട് ശ്രീ. കെ.കെ.സുരേഷ്ബാബു, ജോ.സെക്രട്ടറി ശ്രീ. ബിജുമുണ്ടോലി എന്നിവർ ചേർന്ന് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. സമ്മർദ്ദം കൂടിയപ്പോൾ സെക്രട്ടറി ഈ വിഷയം കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ചപ്പോൾ കുറിയുടെ ഈട് സംഖ്യ 5,50,000 രൂപയിൽ

നിന്ന് 7,50,000 രൂപയാക്കി ഈട് വർദ്ധിപ്പിച്ച് പണയാധാരം തിരികെ കൊണ്ടുപോവുകയാണ് ഉണ്ടായത്. ഇതോടെ സമാജം കമ്മിറ്റിയിൽ വിഘടനവാദം ഉയർത്തി സമാജം പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യാനാണ് മേൽപ്പറഞ്ഞവർ ശ്രമിച്ചത്. മാത്രമല്ല 2015 നവംബറിൽ ശ്രീ വിശ്വനാഥപുരം ക്ഷേത്രത്തിൽ നടന്ന വിളക്ക് ആഘോഷത്തിന്റെ കണക്കുകൾ അവതരിപ്പിക്കാതെ സമാജത്തിൽ നിന്നും ശ്രീ. മോഹൻലാൽ 10,000 രൂപ ആവശ്യപ്പെടുകയുണ്ടായി. ദേശവിളക്കിന്റെ കണക്കുകൾ അവതരിപ്പിച്ച് നഷ്ടമുണ്ടെങ്കിൽ ആ തുക സമാജത്തിൽ നിന്നും ശ്രീ.മോഹൻലാലിന് കൊടുക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ അദ്ദേഹം കണക്ക് അവതരിപ്പിക്കുവാൻ തയ്യാറായില്ല. 2016ലെ ദേശവിളക്ക് കമ്മിറ്റി നിലവിൽ വന്നപ്പോഴാണ് ശ്രീ.മോഹൻലാൽ 2015ലെ കണക്കുകൾ പുതിയ കമ്മിറ്റിക്ക് കൈമാറിയത്. അപ്പോഴാണ് 1,639 രൂപ ബാക്കിയുള്ള വിവരം പുറത്തുവന്നത്. ഇതിനെ തുടർന്നാണ് സമാജം പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, ട്രഷറർ, ജോ.സെക്രട്ടറി, സമാജം ജീവനക്കാരൻ വി.കെ.ഭാസി എന്നിവർ സമാജത്തിനും, സമാജം സെക്രട്ടറിക്കുമെതിരെ വിഘടന പ്രവർത്തനം ആരംഭിച്ചത് എന്ന വസ്തുത പൊതുയോഗം മുമ്പാകെ അറിയിക്കട്ടെ.

2016 ഒക്ടോബർ 4-ാം തിയ്യതി സമാജം പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഭരണസമിതി യോഗത്തിൽ സമാജം ട്രഷറർ ശ്രീ. കെ.സി. മോഹൻലാൽ, ജോയിന്റ് സെക്രട്ടറി ശ്രീ. ബിജു മുണ്ടോലി എന്നിവർ സമാജത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും മേൽപ്പറഞ്ഞ കാരണങ്ങളാൽ മാറി നിൽക്കുകയും ശ്രീനാരായണ ജയന്തി ആഘോഷത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാത്തതിനെക്കുറിച്ചും കമ്മിറ്റി ചർച്ച ചെയ്തു. ചർച്ചയുടെ അടിസ്ഥാനത്തിൽ ആ കമ്മിറ്റിയിൽ ഹാജരായിരുന്ന 14 അംഗങ്ങളിൽ ഭൂരിപക്ഷം അംഗങ്ങളായ 10 പേർ മേൽപറഞ്ഞ ട്രഷറർ ശ്രീ.കെ.സി. മോഹൻലാൽ, ജോയിന്റ് സെക്രട്ടറി ശ്രീ.ബിജു മുണ്ടോലി എന്നിവരെ തൽസ്ഥാനങ്ങളിൽ നിന്ന് ഭൂരിപക്ഷ തീരുമാനപ്രകാരം നീക്കം ചെയ്യുവാൻ തീരുമാനിച്ചു. 2016 ഒക്ടോബർ 17ന് പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന 14 അംഗ ഭരണസമിതിയോഗത്തിൽ വെച്ച് ശ്രീ. സിബിൻ കൂനാക്കംപിള്ളിയെ ട്രഷറർ ആയും ശ്രീ. സത്യൻ തറയിലിനെ ജോയിന്റ് സെക്രട്ടറിയായും ഐകകണ്ഠേന തിരഞ്ഞെടുത്തു. 2016 നവംബർ 15-ാം തിയ്യതി സമാജം പ്രസിഡണ്ട് വിജയൻ എളയേടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഭരണ സമിതി യോഗത്തിൽ വെച്ച് 2016 ഒക്ടോബർ 30ന് സമാജം വക ശ്രീ വിശ്വനാഥപുരം ക്ഷേത്രത്തിൽ നടന്ന വാവുബലി, 2016 നവംബർ 6ന് നടന്ന സ്കന്ദ ഷഷ്ഠി, നവംബർ 9ന് നടന്ന ചതയദിനം എന്നീ പ്രധാനപ്പെട്ട ക്ഷേത്രചടങ്ങുകളിൽ നിന്നും വിട്ടുനിൽക്കുകയും ഈ നാട്ടിലെ മുഴുവൻ ശ്രീനാരായണീയരുടേയും അഭിമാനമായ സമാജം ശ്മശാനത്തിന്റെ അംഗീകരിച്ച പ്ലാൻ നഗരസഭയിൽ നിന്ന് വാങ്ങുകയും അത് സമാജം ഓഫീസിലോ, ശ്മശാന നിർമ്മാണ കമ്മിറ്റിയെയോ ഏല്പിക്കാതെ ഒരു മാസക്കാലം സ്വന്തം നിലയിൽ സൂക്ഷിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുകയും ചെയ്ത സംഭവത്തെക്കുറിച്ചും സമാജത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്ത വസ്തുതകളെക്കുറിച്ചും കമ്മിറ്റി വിശദമായി ചർച്ച

ചെയ്തു. ടിയാന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വെച്ച് അദ്ദേഹം നൽകിയ വിശദീകരണം ഭൂരിപക്ഷം അംഗങ്ങൾക്ക് തൃപ്തിയാകാതെ വന്നതിനെ തുടർന്ന് പ്രസിഡണ്ടായ ശ്രീ. വിജയൻ എളയേടത്തും വൈസ് പ്രസിഡണ്ടായ ശ്രീ. സുരേഷ് ബാബുവും അംഗങ്ങളായ കെ.സി. മോഹൻലാലും, ബിജു മുണ്ടോലിയും യോഗത്തിൽ നിന്ന് ഇറങ്ങി പോയി. തുടർന്ന് ശ്രീ. വി.വി. കൃഷ്ണകുമാറിന്റെ അദ്ധ്യക്ഷതയിൽ ഭൂരിപക്ഷം അംഗങ്ങളും യോഗം തുടരുകയും യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയ ശ്രീ. വിജയൻ എളയേടത്തിനേയും ശ്രീ. സുരേഷ് ബാബുവിനേയും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നീ സ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ യോഗം തീരുമാനിച്ചു.

തുടർന്ന് സമാജത്തിന്റെ ഭരണം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് പുതിയ പ്രസിഡണ്ടിനേയും വൈസ് പ്രസിഡണ്ടിനേയും തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ഇതിൻപ്രകാരം പ്രസിഡണ്ടായി ശ്രീ. വി.വി. കൃഷ്ണകുമാറിന്റെ പേര് ശ്രീ. രാജേഷ് കോട്ടപ്പുറം നിർദ്ദേശിക്കുകയും പ്രദീപ് എളന്തോളി പിൻതാങ്ങുകയും ചെയ്തു. വൈസ്പ്രസിഡണ്ടായി പ്രദീപ് ചോളിപറമ്പിലിന്റെ പേര് ശ്രീ. സിബിൻ കൂനാക്കംപിള്ളി നിർദ്ദേശിക്കുകയും ശ്രീ. വിജു കൊറ്റിക്കൽ പിൻതാങ്ങുകയും ചെയ്തു. യോഗം ഇരുവരേയും ഐകകണ്ഠേന പ്രസിഡണ്ടായും വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുത്തു. സമാജത്തിന്റെ 2016 – 2018 വർഷങ്ങളിലേക്കുള്ള ലീഗൽ അഡ്വൈസറായി അഡ്വ. എൻ.കെ. പ്രമോദിനെ 2016 ജൂലൈ 30ന് ചേർന്ന കമ്മിറ്റിയിൽ വെച്ച് ഐകകണ്ഠേന തിരഞ്ഞെടുത്തു.

***കുറികൾ***

സമാജത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ കുറികൾ ആരംഭിക്കുന്നതിന് ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് നിയമം തടസ്സമായതിനാൽ പുതിയ കുറികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ചിട്ടി ഫോർമാൻ അസ്സോസിയേഷനുമായി ബന്ധപ്പെട്ട് തടസ്സം നീക്കി കിട്ടുന്നതിന് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഹർജി ഇതുവരെ പരിഗണനയ്ക്ക് എടുത്തിട്ടില്ല. ഇപ്പോൾ സമാജത്തിൽ 9 കുറികളാണ് നിലവിലുള്ളത്. അതിൽ ഈ സാമ്പത്തികവർഷത്തിൽ 3 കുറികൾ വട്ടമെത്തിയിട്ടുണ്ട്. നിലവിൽ കുറികൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ സമാജത്തിന് പുതിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ സമാജം അംഗങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു.

***അംഗങ്ങൾ***

സമാജത്തിൽ ആകെ 2479 അംഗങ്ങളാണുണ്ടായിരുന്നത്. അതിൽ 19 അംഗങ്ങൾ നമ്മെ വിട്ടു പിരിഞ്ഞു പോയി.

***ക്ഷേത്രഭരണം***

ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങളും മറ്റും മേൽശാന്തി മണിശാന്തിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടന്നുവരുന്നു. ഭക്തജനങ്ങളുടെ സാന്നിദ്ധ്യം മുൻവർഷങ്ങളിലേക്കാൾ വളരെ അധികം വർദ്ധിച്ചിട്ടുണ്ട്. കർക്കിടകമാസത്തിലെ ആനയൂട്ടിലും, അഷ്ടദ്രവ്യമഹാഗണപതിഹോമത്തിലും, ഭഗവതിസേവയിലും,

ഔഷധക്കഞ്ഞി വിതരണത്തിലും ധാരാളം ഭക്തജനങ്ങളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. കർക്കിടകമാസത്തിലെ വാവുബലി, കന്നിമാസത്തിലെ നവരാത്രി, സ്കന്ദഷഷ്ഠി, തുലാമാസ വാവുബലി, ശിവരാത്രി, മണ്ഡലപൂജമഹോത്സവം, ദേശവിളക്ക്, നാഗക്കളം, പൂമൂടൽ, ദീപാവലി, തൃക്കാർത്തിക തുടങ്ങിയ വിശേഷാൽ ചടങ്ങുകൾ ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യത്തോടെ ഭംഗിയായി നടത്തുവാൻ സാധിച്ചു. 2016 നവംബർ 23ന് (വൃശ്ചികം 8) ബുധനാഴ്ച ദേശവിളക്ക് മഹോത്സവം ഭക്തിനിർഭരമായി നടത്തുന്നതിന് സാധിച്ചു. 2017 ഫെബ്രുവരി 17 വ്യാഴാഴ്ച പുണർതം നാളിൽ പ്രതിഷ്ഠാദിനം സമുചിതമായി ആചരിച്ചു. ക്ഷേത്രത്തിന്റെ തെക്കുഭാഗത്ത് ഒരു കുഴൽക്കിണർ നിർമ്മിച്ച് ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കി.

***മാതൃസംഘം***

ക്ഷേത്രത്തിലെ മാതൃസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമായിക്കൊണ്ടിരിക്കുന്നു. മാതൃസംഘത്തിന്റെ കമ്മിറ്റി രൂപീകരണം നടക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്ലനിലയിൽ സഹകരിച്ച് വരുന്ന എല്ലാ സഹോദരിമാരോടും നന്ദി രേഖപ്പെടുത്തട്ടെ. ഭക്തജനങ്ങളുടെ വർദ്ധനവ് നടവരവിലൂടെയും പൂജാദി കർമ്മങ്ങളിലൂടേയും ഏവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മാതൃകാപരമായി നടക്കുന്ന മാതൃസംഘത്തിന്റെ എല്ലാ വിധ പ്രവർത്തനങ്ങൾക്കും സമാജത്തിന്റെ എല്ലാ വിധ പിൻതുണയും വാഗ്ദാനം ചെയ്യുന്നു.

***നടപ്പന്തൽ***

ശ്രീ തറയിൽ ബാലൻ അവർകളുടെ സ്മരണയ്ക്കായി അവരുടെ കുടുംബാംഗങ്ങൾ പണികഴിപ്പിച്ച് സമർപ്പിച്ച നടപ്പന്തലിൽ ധാരാളം വിവാഹങ്ങളും ക്ഷേത്രസംബന്ധമായ മറ്റു ചടങ്ങുകളും നടന്നുവരുന്നുണ്ട്.

***ഗുരുമന്ദിരം***

ശ്രീ പോളശ്ശേരി സുധാകരൻ സമാജത്തിന് സമർപ്പിച്ച ഗുരുമന്ദിരത്തിൽ എല്ലാ മാസത്തിലെയും ചതയദിനത്തിൽ പ്രത്യേക പൂജയും, സർവ്വൈശ്വര്യപൂജയും, സമൂഹ പ്രാർത്ഥനയും, ഗുരുദേവ പ്രഭാഷണവും അതിനുശേഷം പ്രസാദഊട്ടും നടത്തിവരുന്നു. ചതയദിന ഗുരുപൂജയും, പ്രസാദഊട്ടും സ്പോൺസർ ചെയ്യുവാൻ മാന്യ സമാജം മെമ്പർമാർ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

***ശ്രീനാരായണഹാളും, മിനി ശ്രീനാരായണഹാളും***

രണ്ടുഹാളുകളും ഭംഗിയായും വൃത്തിയായും സംരക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. മെയിൻഹാളിൽ കാലാനുസൃതമായ മാറ്റംവരുത്തി ഭംഗിയാക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഹാളിലെ സ്റ്റേജിന്റെ മുൻഭാഗത്ത് എ.സി.പി. വർക്കുകൾ ചെയ്തിട്ടുണ്ട്. സ്റ്റോർ റൂം പൊളിച്ചുനീക്കി കിച്ചൺ ആധുനിക രീതിയിൽ മോടി പിടിപ്പിച്ചിട്ടുണ്ട്.പ്രത്യേകമായി മൂത്രപ്പുരകളും, കക്കൂസുകളും പുതിയതായി നിർമ്മിച്ചിട്ടുണ്ട്. മിനി ശ്രീനാരായണ ഹാളിൽ പഴയ വയറിംഗ് പൊളിച്ചു നീക്കി പുതിയതായി വയറിംഗുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

***എസ്. എൻ. ബി. എസ്. സമാജം എൽ. പി. സ്ക്കൂൾ***

നമ്മുടെ സമാജത്തിന്റെ അഭിമാനമായ പുല്ലൂർ എസ്.എൻ. ബി. എസ്. സമാജം എൽ. പി. സ്ക്കൂൾ നല്ല രീതിയിൽ നടന്നുവരുന്നു. സമീപസ്ഥലങ്ങളിലെ പലസ്കൂളുകളിലും ഡിവിഷനുകൾ നഷ്ടപ്പെടുമ്പോൾ പ്രവർത്തന മികവിന്റെ ഫലമായി ഡിവിഷനുകൾ നഷ്ടപ്പെടാതെ ഉയർന്നു നിൽക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് സമാജത്തിന് വൻതുക സാമ്പത്തിക ചെലവുകൾ വരുന്നുണ്ട്. ബഹുമാന പ്പെട്ട എം.പി. ശ്രീ. സി.എൻ. ജയദേവൻ അവർകളുടെ വികസന ഫണ്ടിൽ നിന്നും സ്കൂളി ലേക്ക് ബസ്സ് വാങ്ങുന്നതിന് 10 ലക്ഷം രൂപ ലഭിച്ച കാര്യം സ്നേഹപൂർവ്വം സ്മരിക്കട്ടെ. എം.പി.യോട് നമുക്കുള്ള നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നും അദ്ദേഹത്തിന്റെ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

***എസ്. എൻ. വൈ. എസ്. ലൈബ്രറി***

ജില്ലയിലെ തന്നെ ഏറ്റവും നല്ല ലൈബ്രറികളിൽ ഒന്നാണ് എസ്. എൻ. വൈ. എസ്. ന്റെ കീഴിലുള്ള ഈ ലൈബ്രറി. ലൈബ്രറിയുടെ അഭിവൃദ്ധിക്കുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും സമാജം കമ്മിറ്റി നൽകിവരുന്നുണ്ട്. അഖില കേരള പ്രൊഫഷണൽ നാടകമത്സരം ഗംഭീരമാക്കുവാൻ എസ്.എൻ.വൈ.എസിന്റെ പ്രവർത്ത കർക്ക് സാധിച്ചിട്ടുണ്ട്.

***ശ്രീനാരായണജയന്തി***

റിപ്പോർട്ട് വർഷത്തിലെ ജയന്തി ആഘോഷപരിപാടികൾ രാവിലെ സമാജം അങ്കണ ത്തിൽ പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്ത് പതാക ഉയർത്തിയതോടെ ആഘോഷപ രിപാടികൾ ആരംഭിച്ചു. S.N.D.P. യോഗം മുകുന്ദപുരം യൂണിയൻ, S.N.Y.S., ഇതര ശ്രീനാരായണ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് സംയുക്തമായി അതിവിപുലമായി ഗുരു ജയന്തി ആഘോഷിച്ചു. വർണ്ണോജ്ജ്വലമായ ഘോഷയാത്ര, കുട്ടൻകുളം പരിസരത്തുനിന്ന് ആരംഭിച്ച് ഇരിങ്ങാലക്കുട പട്ടണത്തെ പ്രകമ്പനംകൊള്ളിച്ച് സമാജം അങ്കണത്തിൽ എത്തി ച്ചേരുകയുണ്ടായി. ശ്രീ. സി.ആർ.കേശവൻ വൈദ്യരുടെ ജന്മദിന സ്മരണയ്ക്കായി ചന്ദ്രിക കുടുംബാംഗങ്ങൾ നടത്തിയ പ്രസാദ ഊട്ടിലും അനേകം ശ്രീനാരായണീയർ പങ്കെടു ക്കുകയുണ്ടായി.

തുടർന്ന് സമാജം പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പ്രൊഫ. ശ്രീ. സി.രവീന്ദ്രനാഥ് ഉദ്ഘാ ടനം ചെയ്തു. പ്രൊഫ. കെ.യു.അരുണൻ മാസ്റ്റർ എം.എൽ.എ. ചടങ്ങിൽ മുഖ്യാതിഥി യായിരുന്നു. S.N.D.P. യോഗം മുകുന്ദപുരം യൂണിയൻ സെക്രട്ടറി ശ്രീ. പി.കെ.പ്രസ ന്നൻ, സ്വാമി ബ്രഹ്മസ്വരൂപാനന്ദ, മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. നിമ്യ ഷിജു തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുക്കുകയുണ്ടായി. അവാർഡ്ദാനം ഇരിങ്ങാല ക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.എ.മനോജ്കുമാറും സമ്മാനദാനം ഇരി ങ്ങാലക്കുട നഗരസഭ ചെയർപേഴ്സൺ ശ്രീമതി. നിമ്യ ഷിജുവും നിർവ്വഹിച്ചു.

S.N.Y.S. സംഘടിപ്പിച്ച പൂക്കളമത്സരത്തിന്റേയും ചിത്രരചനാമത്സരത്തിന്റെയും വിജ യികൾക്കുള്ള സമ്മാനദാനവും സമാജം മെമ്പർമാരുടെ മക്കളിൽ ഉയർന്ന മാർക്ക് വാങ്ങി

വിജയിച്ചവർക്ക് നൽകിവരുന്ന ട്രോഫികളും, ക്യാഷ് അവാർഡുകളും തദവസരത്തിൽ നൽകുകയുണ്ടായി.

ജയന്തി ആഘോഷ പരിപാടികൾ വൻവിജയമാക്കിത്തീർത്ത എല്ലാ ഗുരുദേവ ഭക്തർക്കും ശ്രീനാരായണ പ്രസ്ഥാനങ്ങൾക്കും, എസ്.എൻ.ഡി.പി. യോഗം മുകുന്ദപുരം യൂണിയനും, സമാജം മെമ്പർമാർക്കും, എസ്.എൻ.വൈ.എസ്. പ്രവർത്തകർക്കും നന്ദി പറയുന്നതൊടൊപ്പം തുടർന്നും വരും കാലങ്ങളിലും എല്ലാവരുടെയും സാന്നിദ്ധ്യസഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## സമാധി ദിനാചരണം

ഗുരുസമാധി ദിനാചരണം സമുചിതമായി ആചരിച്ചു. ക്ഷേത്രം മേൽശാന്തിയുടെ നേതൃത്വത്തിൽ ഗുരുപൂജയും, സമൂഹപ്രാർത്ഥനയും അന്നദാനവും നടത്തി. അന്നേദിവസം നമ്മുടെ ശ്മശാന പരിസരം വൃത്തിയാക്കുകയും ചെയ്തു.

## ഷഷ്ഠിമഹോത്സവം

പ്രാദേശിക ആഘോഷക്കമ്മിറ്റികളുടെയും മറ്റ് സഹൃദയരുടെയും മാസങ്ങളോളം നീണ്ട്നിന്ന കഠിനപ്രയത്നത്തിന്റെ ഫലമായി ശ്രീവിശ്വനാഥപുരം ക്ഷേത്രത്തിലെ ഷഷ്ഠി മഹോത്സവം മധ്യകേരളത്തിലെ മഹത്തായ ഒരു ഉത്സവമെന്ന പ്രശസ്തി നേടിയെടുത്തു. വൈകീട്ട് ക്ഷേത്രാങ്കണത്തിൽ നടന്ന പൂരം എഴുന്നള്ളിപ്പിന് പ്രശസ്ത മേളവിദഗ്ദൻ ചേരാനെല്ലൂർ ശങ്കരൻകുട്ടി മാരാരുടെ പ്രമാണത്തിൽ ചേന്ദമംഗലം രഘു മാരാർ ആന്റ് പാർട്ടി അവതരിപ്പിച്ച 101പേരുടെ പാണ്ടിമേളം ആസ്വാദകർക്ക് ഹരമേകി. 9 ആനകളെ അണിനിരത്തിയ കാഴ്ചശിവേലി ചിലവുകൾ ചുരുക്കിക്കൊണ്ടുതന്നെ മനോഹരമാക്കുന്നതിനും കഴിഞ്ഞു. പൂരം നടത്തിപ്പിന് ആനകൾക്ക് വേണ്ടി വരുന്ന ചെലവിലേക്ക് ടൗൺ പടിഞ്ഞാട്ടുംമുറി, പുല്ലൂർ, കോമ്പാറ എന്നീ വിഭാഗക്കാർ ഓരോരുത്തരും 50,000 രൂപ വീതം സമാജത്തിൽ ഏല്പിച്ചിരുന്നു. 2017 ജനുവരി 27ന് നടന്ന കൊടിയേറ്റൽ കർമ്മം അമരിഷാടം ആശ്രമമഠാധിപതി ബ്രഹ്മശ്രീ ബ്രഹ്മസ്വരൂപാനന്ദയുടെ സാന്നിധ്യത്തിൽ ശ്രീ പറവൂർ രാഗേഷ് തന്ത്രി നിർവ്വഹിക്കുയുണ്ടായി. എസ്.എൻ.വൈ.എസ്ന്റെ അഖിലകേരള നാടകമത്സരം സുപ്രസിദ്ധ സിനിമാതാരം ശ്രീ. ലിഷോയ് ഉദ്ഘാടനം ചെയ്തു.

ഷ്ഷ്ഠിമഹോത്സവത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി ഭക്തജനങ്ങളുടേയും, സ്ഥാപനങ്ങളുടേയും സഹായസഹകണത്തോടെ എസ്.എൻ.ബി.എസ്.സമാജം തയ്യാറാക്കിയ ഒരു പ്രോഗ്രാം ബുക്ക് പത്രസമ്മേളനത്തിൽ വെച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി.

ഷഷ്ഠിയുടെ തലേദിവസം പള്ളിവേട്ടക്കുമുമ്പായി നാടകമത്സരത്തിന്റെ സമാപന സമ്മേളനം ബഹുമാനപ്പെട്ട നമ്മുടെ എം.എൽ.എ. പ്രൊഫ. കെ.യു.അരുണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. എസ്.എൻ.ഡി.പി. യോഗം മുകുന്ദപുരം യൂണിയൻ പ്രസിഡണ്ട് ശ്രീ. സി.ഡി. സന്തോഷ് നാടകമത്സരത്തിലെ വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് & താലൂക്ക് ലൈബ്രറി കൗൺസിൽ വൈസ് പ്രസിഡണ്ട് ശ്രീമതി. നളിനി ബാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു.

ശ്രീ. പി.കെ.ഭരതൻമാസ്റ്റർ നാടകമത്സരാവലോകനം നടത്തി. തുടർന്ന് വള്ളുവനാട് കൃഷ്ണകലാനിലയം നാട്ടറിവ് അവതരിപ്പിച്ച നാടൻപാട്ടിന്റെ മണികിലുക്കം അരങ്ങേറി. സമാജത്തിന്റെ മുൻവശത്ത് മനോഹരമായ ദീപാലങ്കാര നിലപ്പന്തൽ ഇത്തവണത്തെ പ്രത്യേകതയായിരുന്നു.

ഷഷ്ഠിദിവസം രാത്രിയിൽ കൊല്ലം ഭരതമിത്രയുടെ കൃഷ്ണാവതാരം എന്ന ബാലെ അരങ്ങേറി. വെബ്സൈറ്റിലുടെ പ്രവാസി മലയാളികൾക്കും ഷഷ്ഠിമഹോത്സവം കണ്ട് ആസ്വദിക്കുവാൻ സൗകര്യമുണ്ടാക്കിതന്ന ദൃശ്യ മാദ്ധ്യമ പ്രവർത്തകരോടും പത്ര പ്രവർത്തകരോടും ഷഷ്ഠിമഹോത്സവം ഭംഗിയാക്കുവാൻ സഹകരിച്ച പ്രാദേശിക ആഘോഷകമ്മിറ്റിക്കാരോടും സ്പോൺസർ ചെയ്ത ഭക്തജനങ്ങളോടും, സ്ഥാപനങ്ങളോടും, എല്ലാ സുഹൃദ് ജനങ്ങളോടും എസ്.എൻ.ബി.എസ്. മെമ്പർമാർ, സമാജം സ്റ്റാഫ്, ഇരിങ്ങാലക്കുട പോലീസ് ഉദ്യോഗസ്ഥർ, എസ്.എൻ.വൈ.എസ്. ഇതര സഹോദര സംഘടനകളോടും പ്രത്യേകം നന്ദി പറയുന്നതോടൊപ്പം വരും വർഷങ്ങളിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഷഷ്ഠിയോടനുബന്ധിച്ച് അഹോരാത്രം പണിയെടുത്ത് മനോഹരമാക്കാൻ ശ്രമിച്ച എല്ലാ വ്യക്തികളോടും പ്രത്യേകം നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

ഈ വർഷത്തെ ഏറ്റവും നല്ല സെറ്റിനുള്ള യു.എ.ഇ. അനുഭാവികൾ സ്പോൺസർ ചെയ്ത സിൽവർ ട്രോഫിയും സമാജത്തിന്റെ വക 3001 രൂപ ക്യാഷ് അവാർഡും ടൗൺ പടിഞ്ഞാട്ടുമുറി വിഭാഗത്തിനും, രണ്ടാം സമ്മാനമായ പാറമ്മേക്കാട്ടിൽ മാണിക്യൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും, 2001 രൂപ ക്യാഷ് അവാർഡും കോമ്പാറ വിഭാഗത്തിനുമാണ് ലഭിച്ചത്. നല്ല അച്ചടക്കത്തിനുള്ള വള്ളൂപറമ്പിൽ വിശ്വംഭരൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 1501 രൂപ ക്യാഷ് അവാർഡും പുല്ലൂർ വിഭാഗത്തിനും ഏറ്റവും നല്ല പൂക്കാവടിക്കൾക്കുള്ള തറയിൽ ബാലൻ മകൻ സന്തോഷിന്റെ സ്മരണക്കുള്ള എവർറോളിംഗ് ട്രോഫിയും 3001 രൂപ ക്യാഷ് അവാർഡും ടൗൺ വിഭാഗത്തിനുമാണ് ലഭിച്ചത്.

***ചാരിറ്റി***

സമാജത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ ചികിത്സാസഹായങ്ങളും, നമ്മുടെ സ്ക്കൂളിൽ നിർധനരായ കുട്ടികൾക്ക് സ്ക്കൂളിൽ പോകുന്നതിന് സൗജന്യമായി വാഹനസൗകര്യവും അനുവദിച്ചിട്ടുണ്ട്. ഗുരുദേവ കൗൺസിലിംഗ് സെന്ററിൽ ഫാമിലി കൗൺസിലിംഗും, ക്ലാസ്സുകളും, ലീഗൽ സഹായങ്ങളും, ചികിത്സാ സഹായങ്ങളും നൽകി ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നു.

***ശ്മശാനം***

ശ്രീനാരായണീയരുടെ ഏറെ കാലത്തെ കഠിന പരിശ്രമത്തിന് ഫലപ്രാപ്തി കൈവന്നു. ശ്മശാന നിർമ്മാണത്തിനുള്ള വൈതരണികളെയെല്ലാം മറികടന്ന് ജില്ലാ കളക്ടറിൽ നിന്ന് ശ്മശാന നിർമ്മാണത്തിന് അനുമതി ലഭിക്കുകയും ശ്മശാന നിർമ്മാണം ത്വരിതഗതിയിൽ ആരംഭിക്കുകയും ചെയ്തിട്ടുള്ള കാര്യം മാന്യമെമ്പർമാരെ അറിയിക്കുന്നതിൽ ഏറെ

അഭിമാനമുണ്ട്. ശ്മശാനത്തിൽ ഒരു കുഴൽക്കിണർ കുഴിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇല്ക്ട്രിക് കണക്ഷൻ ലഭിക്കുകയും ചെയ്തു. ശ്മശാനത്തിന്റെ തറപണി കഴിയുകയും ആവശ്യമായ സ്ഥലത്ത് മണ്ണിട്ട് നികത്തുകയും ചെയ്തിട്ടുണ്ട്. ശ്മശാനത്തിന്റെ പില്ലറിന്റെ പണി ഏക ദേശം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കണമെന്നാണ് ആഗ്ര ഹം. നമ്മുടെ മാന്യ മെമ്പർമാർ എത്രയും വേഗം മുൻ പൊതുയോഗ തീരുമാനപ്രകാരമുള്ള സംഭാവനകൾ സമാജത്തിൽ എത്തിക്കണെമെന്നും അഭ്യർത്ഥിക്കുന്നു. എസ്.എൻ.ഡി.പി. ശാഖായോഗങ്ങളിൽ നിന്നുള്ള സംഭാവനകൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിവരം സന്തോഷ പൂർവ്വം അറിയിച്ചുകൊള്ളട്ടെ. ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുകൊ ണ്ടിരിക്കുന്ന എസ്.എൻ.ഡി.പി. യോഗം മുകുന്ദപുരം യൂണിയൻ ഭാരവാഹികൾക്കും ശാഖാ യോഗം ഭാരവാഹികൾക്കും ശ്മശാനനവീകരണ കമ്മിറ്റി അംഗങ്ങൾക്കും നന്ദി അറിയിച്ചു കൊള്ളുന്നു.

***മറ്റുകാര്യങ്ങൾ***

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹ കരിക്കുകയും, സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരോടും, യഥാസമങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും, കണക്കുകൾ കൃത്യസ മയത്ത് പരിശോധിച്ച് ഓഡിറ്റ് ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ ഇന്റേണൽ ഓഡിറ്റേഴ്സിനോടും, ചാർട്ടേഡ് എക്കൗണ്ടന്റിനോടും ശ്രീനാരായണ യുവജനസമിതി പ്രവർത്തകരോടും, പ്രാദേശിക ഉത്സവാഘോഷ കമ്മിറ്റി ഭാരവാഹികളോടും ക്ഷേത്രം ശാന്തി മാരോടും, പത്ര, ദൃശ്യമാധ്യമപ്രവർത്തകരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ പ്രവർത്തന റിപ്പോർട്ട് മാന്യ സമാജം മെമ്പർമാരുടെ ചർച്ചയ്ക്കും അംഗീകാരത്തിനു മായി സവിനയം സമർപ്പിക്കട്ടെ.

എന്ന്

ഇരിങ്ങാലക്കുട
08-06-2017

സെക്രട്ടറി (ഒപ്പ്)
**എം.കെ. വിശ്വംഭരൻ, മുക്കുളം**

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട.

## ക്ഷേത്രഭരണം 2016 – 2017ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| ഹാൾ ചിലവ് | 260827 | 00 | ഹാളിൽ നിന്നും വരവ് | 1431500 | 00 |
| പൂജ | 545471 | 00 | നടവരവ് | 318692 | 00 |
| ഷഷ്ഠി | 1028398 | 00 | ഭണ്ഡാരം വരവ് | 531120 | 00 |
| ജയന്തി, സമാധി | 161365 | 00 | സംഭാവന | 123891 | 00 |
| പറമ്പു സംരക്ഷണം | 45235 | 00 | വിവാഹ സംഭാവന | 26252 | 00 |
| റിപ്പയേഴ്സ് & മെയിന്റനൻസ് | 893843 | 50 | വാടക | 60000 | 00 |
| പ്രിന്റിംഗ്, സ്റ്റേഷ്നറി | 7146 | 00 | പലിശ | 3123 | 00 |
| നികുതി | 7062 | 00 | ഷഷ്ഠി | 710218 | 00 |
| പൊതുയോഗം | 39430 | 00 | പൂജ | 559030 | 00 |
| പലവക | 8840 | 00 | മെമ്പർഷിപ്പ് ഫീസ് | 352 | 00 |
| ശ്മശാനം | 73873 | 00 | പറമ്പാദായം | 179506 | 00 |
| ചാരിറ്റി | 147750 | 00 | | | |
| ലൈബ്രറി | 66930 | 00 | | | |
| സ്പോർട്സ് | 14353 | 50 | | | |
| ഇൻഷുറൻസ് | 9903 | 00 | | | |
| വിദ്യാഭ്യാസചിലവുകൾ | 11140 | 00 | | | |
| ലൈസൻസ് ഫീസ് | 1500 | 00 | | | |
| വാൻചാർജ്ജ് | 158604 | 00 | | | |
| സ്വീകരണം | 1183 | 00 | | | |
| കേസ് | 22500 | | | | |
| പ്രൊഫഷൽ ടാക്സ് | 1250 | 00 | | | |
| തേയ്മാനം | 190784 | 91 | | | |
| നീക്കിയിരിപ്പ് | 246295 | 09 | | | |
| **ആകെ** | **3943684** | **00** | **ആകെ** | **3943684** | **00** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട, ക്ഷേത്രഭരണം

## 31.03.2017ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 8595202 | 23 | വസ്തു വഹകൾ, ബിൽഡിംഗ് മുതലായവ | 6333054 | 79 |
| കുറി A/C | 1052596 | 03 | ഡെപ്പോസിറ്റ് ; പുല്ലൂർ സർവ്വീസ് | | |
| മാതൃസംഗമം | 46391 | 00 | കോ-ഓപ്പറേറ്റീവ് ബാങ്ക് | 91536 | .00 |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 763000 | 00 | " ഇരിങ്ങാലക്കുട സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് | 124566 | 00 |
| ഗുരുദേവ പൂജ ഫണ്ട് (സോവനീർ കമ്മിറ്റി) | 91536 | 00 | " തൃശ്ശൂർ അഗ്രിക്കൾച്ചർ & നോൺ | | |
| വിവാഹവാർഷിക ദമ്പതി പൂജ | 122564 | 00 | അഗ്രിക്കൾച്ചർ കോ-ഓപറേറ്റീവ് ബാങ്ക് | 48070 | 00 |
| ജന്മനക്ഷത്ര പൂജ ഫണ്ട് | 2002 | 00 | ശ്മശാന നവീകരണ കമ്മിറ്റി | 50000 | 00 |
| | | | അഡ്വാൻസ് SNBS സമാജം എൽ.പി.സ്കൂൾ | 3853372 | 00 |
| | | | ബാങ്ക് ബാലൻസ് | 121361 | 39 |
| | | | ഗുരുദേവ കൗൺസിലിംഗ് സെന്റർ | 38490 | 00 |
| | | | കയ്യിരിപ്പ് | 12841 | 08 |
| **ആകെ** | **10673291** | **26** | **ആകെ** | **10673291** | **26** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട.

## കുറി 2016 – 2017ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| പലിശ | 1583525 | 00 | പലിശ | 1963159 | 00 |
| പ്രിന്റിംഗ്, സ്റ്റേഷ്നറി | 28750 | 00 | കമ്മീഷൻ | 1097464 | 48 |
| ശമ്പളം, അലവൻസ് | 457562 | 00 | സമാജം ചേർന്നുനടത്തിയ വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 380966 | 75 |
| വാടക | 60000 | 00 | | | |
| കറന്റ് ചാർജ്ജ് | 9328 | 00 | | | |
| ടെലഫോൺ ചാർജ്ജ് | 17198 | 00 | | | |
| ബാങ്ക് ചാർജ്ജ് | 2288 | 50 | | | |
| പ്രൊഫഷണൽ ടാക്സ് | 5470 | 00 | | | |
| യാത്രാ ചിലവ് | 357407 | 00 | | | |
| പോസ്റ്റേജ് | 6180 | 00 | | | |
| പലവക | 13250 | 00 | | | |
| കുറി + കമ്മിറ്റി ചിലവ് | 64692 | 00 | | | |
| പരസ്യം | 170000 | 00 | | | |
| സ്വീപ്പിംഗ് ചാർജ്ജ് | 217175 | 00 | | | |
| സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫയർ | 94273 | 00 | | | |
| ബോണസ്സ് | 76492 | 00 | | | |
| ഫെസ്റ്റിവൽ അലവൻസ് | 23680 | 00 | | | |
| ലൈബ്രറി | 4627 | 00 | | | |
| ഓഡിറ്റ് ഫീസ് | 24000 | 00 | | | |
| പ്രോവിഡന്റ് ഫണ്ട് | 46130 | 00 | | | |
| റിപ്പയേഴ്സ് | 18430 | 00 | | | |
| ലിറ്റിഗേഷൻ ചാർജ്ജ് | 5210 | 00 | | | |
| പ്രൊഫഷണൽ ചാർജ്ജ് | 12500 | 00 | | | |
| തേയ്മാനം | 48483 | 88 | | | |
| സംഭാവന | 3000 | 00 | | | |
| നീക്കിയിരിപ്പ് | 91938 | 85 | | | |
| **ആകെ** | **3441590** | **23** | **ആകെ** | **3441590** | **23** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട. കുറി

## 31.03.2017 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1652295 | 56 | ഫർണിച്ചർ, വാൻ, ജനറേറ്റർ മുതലായവ | 266487 | 65 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 1052596 | 03 |
| വിദ്യാഭ്യാസ ഫണ്ട് | 21986 | 00 | സമാജം കുറികൾ | 1325474 | 00 |
| എൻഡോവ്മെന്റ് (പി.എ.മാണിക്യൻ) | 23672 | 00 | റന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് (തറയിൽ കൃഷ്ണൻകുട്ടി) | 5654 | 00 | വിദ്യാഭ്യാസ ഫണ്ട് | 20000 | 00 |
| ഡെയ്‌ലി കളക്ഷൻ | 185772 | 87 | എൻഡോവ്മെന്റ് | 28673 | 00 |
| കുറി A/C | 4525456 | 44 | ഇൻകംടാക്സ് പിടിച്ചത് | 872768 | 53 |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ് | 405519 | 00 | ബാങ്ക് ഡെപ്പോസിറ്റ്സ് | 13749083 | 00 |
| കുറി സെക്യൂരിറ്റി ഡെപ്പോസിറ്റ് | 13174737 | 05 | ബാങ്ക് ബാലൻസ് | 2718818 | 17 |
| | | | അഡ്വാൻസ് | 3500 | 00 |
| | | | കയ്യിരിപ്പ് | 4029 | 16 |
| **ആകെ** | **20042329** | **54** | **ആകെ** | **20042329** | **54** |

# കുറി ബഡ്ജറ്റ് - 2017-2018

## വരവ്

| | ഇന വിവരം | 2016-17ലേക്ക് പ്രതീക്ഷിച്ചത് | 2016-17ലെ അസ്സൽ വരവ് | 2017-18ലേക്ക് പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|
| 1. | കമ്മീഷൻ | 1300000.00 | 1097464.48 | 1000000.00 |
| 2. | പലിശ | 1800000.00 | 1963159.00 | 1300000.00 |
| 3. | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 900000.00 | 380966.75 | 1000000.00 |
| | **ആകെ** | **4000000.00** | **3441590.23** | **3300000.00** |

## ചിലവ്

| | | | | |
|---|---|---|---|---|
| 1. | പലിശ | 1700000.00 | 1583525.00 | 1200000.00 |
| 2. | ശമ്പളം, അലവൻസ് | 600000.00 | 457562.00 | 600000.00 |
| 3. | വാടക | 70000.00 | 60000.00 | 60000.00 |
| 4. | പ്രിന്റിംഗ്, സ്റ്റേഷനറി | 50000.00 | 28750.00 | 50000.00 |
| 5. | കറന്റ് ചാർജ്ജ് | 25000.00 | 9328.00 | 20000.00 |
| 6. | ടെലഫോൺ ചാർജ്ജ് | 20000.00 | 17198.00 | 25000.00 |
| 7. | ബാങ്ക് ചാർജ്ജ് | 10000.00 | 2288.50 | 10000.00 |
| 8. | പ്രൊഫഷൻ ടാക്സ് | 10000.00 | 5470.00 | 10000.00 |
| 9. | യാത്രാ ചിലവ് | 400000.00 | 357407.00 | 200000.00 |
| 10. | പോസ്റ്റേജ് | 20000.00 | 6180.00 | 20000.00 |
| 11. | പലവക | 20000.00 | 13250.00 | 25000.00 |
| 12. | കുറി, കമ്മിറ്റി ചിലവ് | 100000.00 | 64692.00 | 100000.00 |
| 13. | പരസ്യം | 200000.00 | 170000.00 | 200000.00 |
| 14. | സ്വീപ്പിംഗ് | 250000.00 | 217175.00 | 250000.00 |
| 15. | ലിറ്റിഗേഷൻ ചാർജജ് | 10000.00 | 5210.00 | 10000.00 |
| 16. | സ്റ്റാഫ് സബ്സ്ക്രൈബേഴ്സ് വെൽഫയർ | 100000.00 | 94273.00 | 100000.00 |
| 17. | ബോണസ്സ് | 90000.00 | 76492.00 | 90000.00 |
| 18. | ഫെസ്റ്റിവൽ അലവൻസ് | 40000.00 | 23680.00 | 40000.00 |
| 19. | പ്രൊഫഷണൽ ചാർജ്ജ് | 25000.00 | 12500.00 | 25000.00 |
| 20. | സംഭാവന | 10000.00 | 3000.00 | 10000.00 |
| 21. | ലൈബ്രറി | 10000.00 | 4627.00 | 10000.00 |
| 22. | ഓഡിറ്റ് ഫീസ് | 35000.00 | 24000.00 | 35000.00 |
| 23. | പ്രോവിഡന്റ് ഫണ്ട് | 60000.00 | 46130.00 | 60000.00 |
| 24. | റിപ്പെയേഴ്സ് | 35000.00 | 18430.00 | 35000.00 |
| 25. | തേയ്മാനം | 50000.00 | 48483.88 | 50000.00 |
| 26. | നീക്കിയിരിപ്പ് | 60000.00 | 91938.85 | 65000.00 |
| | **ആകെ** | **4000000.00** | **3441590.23** | **3300000.00** |

# ക്ഷേത്രഭരണം ബഡ്ജറ്റ് – 2017–2018

## വരവ്

| | ഇന വിവരം | 2016-17ലേക്ക് പ്രതീക്ഷിച്ചത് | 2016-17ലെ അസ്സൽ വരവ് | 2017-18ലേക്ക് പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|
| 1. | ഹാളിൽ നിന്നും വരവ് | 2200000.00 | 1431500.00 | 1800000.00 |
| 2. | നടവരവ് | 300000.00 | 318692.00 | 300000.00 |
| 3. | ഭണ്ഡാരം വരവ് | 400000.00 | 531120.00 | 400000.00 |
| 4. | സംഭാവന | 200000.00 | 123891.00 | 200000.00 |
| 5. | വിവാഹ സംഭാവന | 50000.00 | 26252.00 | 50000.00 |
| 6. | പറമ്പാദായം | 30000.00 | 179506.00 | 35000.00 |
| 7. | വാടക | 70000.00 | 60000.00 | 60000.00 |
| 8. | പലിശ | 10000.00 | 3123.00 | 10000.00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 1500.00 | 352.00 | 1500.00 |
| 10. | ഷഷ്ഠി | 800000.00 | 710218.00 | 800000.00 |
| 11. | പൂജ | 700000.00 | 559030.00 | 700000.00 |
| | **ആകെ** | **4761500.00** | **3943684.00** | **4356500.00** |

## ചിലവ്

| | | | | |
|---|---|---|---|---|
| 1. | ഹാൾ ചിലവ് | 300000.00 | 260827.00 | 350000.00 |
| 2. | പൂജ | 700000.00 | 545471.00 | 600000.00 |
| 3. | ഷഷ്ഠി | 1200000.00 | 1028398.00 | 1100000.00 |
| 4. | ജയന്തി, സമാധി | 200000.00 | 161365.00 | 200000.00 |
| 5. | പറമ്പു സംരക്ഷണം | 100000.00 | 45235.00 | 75000.00 |
| 6. | റിപ്പയറിംഗ്, മെയിന്റനൻസ് | 1200000.00 | 893843.50 | 1000000.00 |
| 7. | പ്രിന്റിംഗ്, സ്റ്റേഷ്നറി | 10000.00 | 7146.00 | 10000.00 |
| 8. | നികുതി | 20000.00 | 9312.00 | 20000.00 |
| 9. | സ്വീകരണം | 25000.00 | 1183.00 | 10000.00 |
| 10. | പൊതുയോഗം | 60000.00 | 39430.00 | 60000.00 |
| 11. | തിരഞ്ഞെടുപ്പ് | .... | ... | 60000.00 |
| 12. | പലവക | 20000.00 | 8840.00 | 10000.00 |
| 13. | ശ്മശാനം | 75000.00 | 73873.00 | 75000.00 |
| 14. | ചാരിറ്റി | 170000.00 | 147750.00 | 170000.00 |
| 15. | ലൈബ്രറി | 80000.00 | 66930.00 | 80000.00 |
| 16. | സ്പോർട്സ് | 20000.00 | 14353.50 | 20000.00 |
| 17. | ഇൻഷുറൻസ് | 20000.00 | 9903.00 | 20000.00 |
| 18. | വിദ്യാഭ്യാസ ചെലവുകൾ | 20000.00 | 11140.00 | 20000.00 |
| 19. | ലൈസൻസ് ഫീസ് | 10000.00 | 1500.00 | 10000.00 |
| 20. | വാൻ ചാർജ്ജ് | 200000.00 | 158604.00 | 170000.00 |
| 21. | തേയ്മാനം | 175000.00 | 190784.91 | 200000.00 |
| 22. | കേസ്സ് | | 22500.00 | 25000.00 |
| 22 | നീക്കിയിരിപ്പ് | 156500.00 | 246295.09 | 66500.00 |
| | **ആകെ** | **4761500.00** | **3943684.00** | **4356500.00** |

# ക്ഷേത്രഭരണം – സപ്ലിമെന്ററി ബഡ്ജറ്റ് 2016–17

| ഇന വിവരം | | 2016-17ലേക്ക് പ്രതീക്ഷിച്ചത് | 2016-17ലെ അസ്സൽ ചിലവ് | 2016-17ലെ കൂടുതൽ ചിലവ് |
|---|---|---|---|---|
| 1. | തേയ്മാനം | 175000.00 | 190784.91 | 15784.91 |
| | **ആകെ** | **175000.00** | **190784.91** | **15784.91** |